**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 926** **31-01-2024 - ൽ മറുപടിയ്ക്ക്**

**തിരുവിതാംകൂർ ദേവസ്വം ബോർഡിലെ കമ്മീഷണർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിലെ കമ്മിഷണറായി നിയമനം ലഭിക്കണമെങ്കിൽ ഡെപ്യൂട്ടി ദേവസ്വം കമ്മിഷണർ തസ്തികയിൽ ആറ് മാസത്തെ പ്രോബേഷൻ കാലാവധി ആവശ്യമാണെന്ന് സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിരിക്കെ നിലവിൽ കമ്മീഷണറായി നിയമനം ലഭിച്ച ഉദ്യോഗസ്ഥന് ടിയാന്റെ പ്രൊബേഷൻ കാലാവധി പൂർത്തിയാകുന്നതിന് മുമ്പ് ദേവസ്വം കമ്മീഷണർ ആയി നിയമനം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾ ചട്ടം 28(a)(i)പ്രകാരം പ്രൊമോഷൻ ലഭിക്കുന്നതിന് പ്രൊബേഷൻ കാലാവധി പൂർത്തിയാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ വകുപ്പ് തലവന്റെ കാര്യത്തിൽ ഈ നിബന്ധന ഒഴിവാക്കിയിട്ടുണ്ട്. അപ്രകാരം ടിയാനെ സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തുകയുണ്ടായി. ആകയാൽ കമ്മീഷണറുടെ നിയമനം ചട്ടവിരുദ്ധമായിട്ടല്ല. |
| (ബി) | ചട്ട വിരുദ്ധമായി നിയമനം നൽകിയ പ്രസ്തുത നടപടി തിരുത്തുന്നതിനും ചട്ടവിരുദ്ധമായി വാങ്ങിയ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും തിരിച്ചു പിടിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ബി) | കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾ ചട്ടം 28(a)(i)പ്രകാരം പ്രൊമോഷൻ ലഭിക്കുന്നതിന് പ്രൊബേഷൻ കാലാവധി പൂർത്തിയാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ വകുപ്പ് തലവന്റെ കാര്യത്തിൽ ഈ നിബന്ധന ഒഴിവാക്കിയിട്ടുണ്ട്. അപ്രകാരം ടിയാനെ സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തുകയുണ്ടായി. ആകയാൽ കമ്മീഷണറുടെ നിയമനം ചട്ടവിരുദ്ധമായിട്ടല്ല. |

സെക്ഷൻ ഓഫീസർ